MAY 2025 **U/ID 30729/ULD2A**

Time : Three hours Maximum : 75 marks

PART A — ($10 \times 2 = 20$ marks)

30 വാക്കിൽ കവിയാതെ പത്തെണ്ണത്തിന് ഉത്തരമെഴുതുക.

1. അച്ഛനായ ശന്തനുവിനായി മകനായ ദേവവ്രതൻ ഏറ്റെടുത്ത കഠിനവ്രതമെന്ത്?

2. കർണ്ണനെ മഹാത്മാവായി കാണുന്നത് എന്തുകൊണ്ട്?

3. ദുര്യോധനൻ എന്ന പേരിന് പുതിയ ചില വ്യാഖ്യാനങ്ങൾ നൽകാനാവും - അവയെന്ത്?

4. ഭീഷ്മരെ വധിക്കുന്നതിന് പരശുരാമൻ ഉന്നയിച്ച ന്യായമെന്ത്?

5. കർണ്ണനിലെ പൗരുഷമൂല്യത്തെക്കുറിച്ചുള്ള പ്രസ്താവന ചുരുക്കിയെഴുതുക.

6. ദ്രൗപദിയുടെ സ്വഭാവത്തെക്കുറിച്ച് എങ്ങനെ വിലയിരുത്താം?

7. പളനിയിലേക്കുള്ള യാത്രയെക്കുറിച്ച് കോന്തല യിൽ പ്രതിപാദിക്കുന്ന കാര്യങ്ങൾ എന്തെല്ലാം?

8. മരണത്തിന്റെ സാന്നിദ്ധ്യം എല്ലാറ്റിനേയും ശ്രദ്ധേയമാക്കുമെന്ന് കോന്തലയുടെ രചയിതാവ് എടുത്തു പറയുന്നു - എന്തുകൊണ്ട്?

9. വയനാടിനെ താഴേ രാജ്യം എന്നു വിളിക്കാനുള്ള കാരണമെന്ത്?

10. അപ്പുവിന്റെ സ്വഭാവസവിശേഷതയെന്ത്?

11. കരിക്കുറ്റി സ്കൂളിലെ വിശേഷദിനങ്ങളിൽ ഏതെങ്കിലും ഒരെണ്ണം പ്രതിപാദിക്കുക.

12. രോഹിണിയെന്ന വ്യക്തിയെക്കുറിച്ചെഴുതുക.

PART B — ($5 \times 5 = 25$ marks)

അഞ്ച് ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നും 200 വാക്കിൽ കവിയരുത്.

13. പകയെന്ന വികാരം എക്കാലത്തും നിലനിൽക്കുന്ന ഒന്നാണെന്ന് കാണിച്ചുതരുന്ന കഥാപാത്രമാണ് അശ്വത്ഥാമാവ് - ചർച്ച ചെയ്യുക.

14. മഹാഭാരതത്തിൽ സ്നേഹത്തിന് പ്രാധാന്യം നൽകുന്നുവെന്ന് കണ്ടെത്താനാവുമോ? വിലയിരുത്തുക.

15. കുന്തിയുടെ സ്വഭാവസവിശേഷതകളെക്കുറിച്ച് മാരാർ അഭിപ്രായപ്പെടുന്നതെന്ത്?

16. 'ശിശുപാലൻ ചെയ്ത നൂറപരാധവും ക്ഷമിച്ച ഭഗവാൻ കൃഷ്ണൻ ജനിച്ചത് ഭൂഭാരം തീർക്കുക എന്ന സംഹാരക്രിയക്കല്ല' - ഇതിൽ കാണാവുന്ന ലോകവീക്ഷണത്തെക്കുറിച്ച് വിശദമാക്കുക.

17. കുഴിച്ചിട്ടാൽ കുപ്പിച്ചില്ലും മൂന്നാം നാൾ മുളച്ചു പൊന്തുന്ന വയനാടൻ മണ്ണിന്റെ ഭാവപകർച്ചകളാണ് കോന്തലയിലുള്ളത് എന്ന പരാമർശം വിലയിരുത്തുക.

18. വയനാടൻ സംസ്കാരത്തെക്കുറിച്ചുള്ള എഴുത്തുകാരന്റെ കാഴ്ചപ്പാട് വിവരിക്കുക.

19. ഭൂഭംഗികൾകൊണ്ട് ബാല്യം വയനാട്ടിൽ കഴിച്ചൊരാളെ നിങ്ങൾക്ക് വിഷമിപ്പിക്കാനാവില്ല - ബാല്യത്തെ സ്വാധീനിച്ച വയനാടൻ കാഴ്ചകൾ വിശദീകരിക്കുക.

PART C — ($3 \times 10 = 30$ marks)

ഓരോന്നും 500 വാക്കിൽ കവിയാതെ മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.

20. തനിക്കു ചേർന്നവരോട് മാത്രമേ യുദ്ധം ചെയ്യാവൂ എന്ന നിബന്ധനയോടെയാണ് യുദ്ധം തുടങ്ങിയതെങ്കിലും അതിലുണ്ടായ കൊടുചതികൾ എന്തെല്ലാമായിരുന്നു? പരിശോധിക്കുക.

21. കഥാപാത്രങ്ങളിലൂടെ ധർമ്മബോധത്തെയാണ് മാരാർ വിലയിരുത്തുന്നത് - പരിശോധിക്കുക.

22. ഭാരതപര്യടനം എന്ന കൃതി മഹാഭാരതത്തെ വിലയിരുത്തുകയാണ് - സമർത്ഥിക്കുക.

23. വയനാടൻ ജീവിതത്തിന്റെ നേർക്കാഴ്ചകളുടെ ആവിഷ്കാരമാണ് കോന്തലയിലുള്ളത് - നിങ്ങളുടെ അഭിപ്രായം വിവരിക്കുക.

24. കോന്തലയിലെ ജീവിതസന്ദർഭങ്ങൾ തെരഞ്ഞെടുത്ത് അവതരണത്തിലെ പ്രത്യേകതകൾ ചർച്ച ചെയ്യുക.
